# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1586** **04.10.2016 - ലെ മറുപടിക്ക്**

**ചോദ്യം** **ഉത്തരം**

ശ്രീ.പികെ.ശശി

ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

**മുൻസർക്കാർ വരുത്തിയ കുടിശ്ശികകൾ**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം മുൻസർക്കാർ വരുത്തിയ കുടിശ്ശികകളിൽ അടച്ചുതീർക്കേണ്ട തുക എത്രയായിരുന്നു; എത്ര തുക അടച്ചു; | വകുപ്പ്തല കണക്കുകൾ പ്രകാരം 2016 മെയ് അവസാനത്തെ സാമൂഹ്യ സുരക്ഷ പെൻഷൻ കുടിശ്ശിക (1505.49 കോടി രൂപ),ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയത് (1431 കോടി രൂപ),കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കുകൾക്കും നൽകാനുണ്ടായിരുന്നത് (1775.59 കോടി രൂപ), വെയ്സ് & മീൻസ്, ട്രഷറി ക്യൂ (800 കോടി രൂപ),വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ /ക്ഷേമനിധികൾ /ബോർഡുകൾ തുടങ്ങി മറ്റ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച തുക (1365 കോടി രൂപ) എന്നിവയുൾപ്പടെ സർക്കാരിന്റെ അടിയന്തിര ബാധ്യത 7145 കോടിയില്പരം രൂപയായിരുന്നു.<br>മുൻസർക്കാർ വരുത്തിയ പ്രസ്തുത കുടിശ്ശികകളിൽ , ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമായ വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യതിന്, ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയതിൽ അനുമതി നൽകിയത്, കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കുകൾക്കും വിതരണം നടത്തിയത്, വെയ്സ് & മീൻസ്, ട്രഷറി ക്യൂ ക്ലിയർ ചെയ്തത് എന്നീ ഇനങ്ങളിൽ മാത്രം യഥാക്രമം 1477.92 കോടി,712.07 കോടി,991.92 കോടി,792.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | 2016 മെയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിലും, വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തു തീർക്കുവാനുള്ളതായ തുക എത്രയെന്നും പൊതുമേഖലാ സ്ഥാപനങ്ങൾ /ക്ഷേമനിധികൾ /ബോർഡുകൾ തുടങ്ങി മറ്റ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച തുക എത്രയെന്നും എല്ലാം ചേർത്ത് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തിയപ്പോഴുള്ള സാമ്പത്തിക ബാധ്യത എത്രയെന്നും വ്യക്തമാക്കുമോ? | |
| (ബി) | 31.03.2011-ൽ എൽ.ഡി.എഫ്. സർക്കാർ കാലയളവിലെ ട്രഷറി ബിൽ ഹോൾഡിംഗ്സ് എത്ര, ആയത് 16.05.2011-ൽ അധികാരമൊഴിയുമ്പോൾ എത്രയായിരുന്നു എന്നും 31.03.2016-ൽ യു.ഡി.എഫ്. അധികാര കാലയളവിൽ എത്രയെന്നും , യു.ഡി.എഫ്. അധികാരമൊഴിയുന്ന ദിവസം (2016-ൽ) എത്രയെന്നും വ്യക്തമാക്കുമോ; | സംസ്ഥാനത്തിന്റെ ട്രഷറി ബില്ലുകളിലെ നിക്ഷേപം 31.03.2011 ൽ 3513.72 കോടി രൂപയും 16.05.2011ൽ 1963.47 കോടി രൂപയും 31.03.2016ൽ 1643.49 കോടി രൂപയും മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ 24.05.2016 ൽ 1009.30 കോടി രൂപയുമായിരുന്നു. |

**സെക്ഷൻ ഓഫീസർ**